

# LITTLE KITES MAGAZINE

## NSHS VALOOR

# വിദ്യാലയം നവതിയുടെ നിറവിൽ

തൊണ്ണൂറ് തികഞ്ഞൊരു പുണ്യാലയം
സർഗ്ഗശേഷിയുണർത്തും വിദ്യാലയം
കലാ കായിക കൽപ്പടവുകൾ
കമനീയമാക്കുമീ കലാലയം
പച്ചയുടുപ്പിട്ട പ്രകൃതിതൻ പുത്രിയിവൾ
മനതാരിൽ മൊഴിഞ്ഞീടും മലയാളം

നമിക്കുന്നു നിത്യവും
ജ്ഞാനസ്വരൂപിയാമമ്മയെ
ഹൃത്തിൽ കുടി കൊള്ളും
ജ്ഞാനാംബികേ

*-മനോജ്കുമാർ കെ*

# പഞ്ചവാദ്യം



അന്നമനടയുടെ വാദ്യസംസ്കാരത്തെ ഭാവിയിലേക്ക് കൊണ്ടുപോകുവാൻ ഒരു തലമുറ വളർന്നു വരുന്നു. പഞ്ചവാദ്യത്തിൻെറ ജന്മനാടായ അന്നമനടയിൽ ഈ വാദ്യകലയെ ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുവാൻ സജ്ജരായി വാളൂർ നായർ സമാജം സ്കൂളിലെ മുപ്പതോളം വിദ്യാർത്ഥികൾ. അന്നമനട ശ്രീ.മുരളീധര മാരാരുടെ ശിക്ഷണത്തിൽ ഈ വർഷം 6 പെൺകുട്ടികൾ തിമിലയിൽ അരങ്ങേറി. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഇരുപതോളം പെൺകുട്ടികൾ ഉൾപ്പടെ വലിയൊരു സംഘം അരങ്ങേറ്റം കുറിച്ചിട്ടുണ്ട്. പാറമേക്കാവ് ക്ഷേത്രം, കൊച്ചിൻ ബിനാലെ തുടങ്ങി നാൽപതിലേറെ വേദികളിൽ സംഘം പഞ്ചവാദ്യം അവതരിപ്പിച്ചു.

# അനധ്യാപകദിനം



നേതാജി സുഭാഷ് ചന്ദ്രബോസിൻെറ ജന്മദിനമായ ജനുവരി 23 ആണ് അനധ്യാപകദിനമായി ആചരിക്കുന്നത്. മുഖ്യധാരാപ്രവർത്തനങ്ങളിൽ നിറഞ്ഞു നിൽക്കാതെ വിദ്യാലയത്തിൻെറ ഏതൊരു പ്രവർത്തനത്തിൻേറയും അന്തർധാര യായി പ്രവർത്തിക്കുന്ന വിഭാഗമാണ് അനധ്യാപകരുടേത്. ഓഫീസും, ഫയലു കളു ം, കണക്കും നിറഞ്ഞുനിൽക്കുമ്പോഴും വിദ്യാർത്ഥികളോടും അധ്യാപകരോടും സൗഹൃദഭാവത്തോടെ പെരുമാറുവാനും സ്കൂളിനെ നാടുമായി ബന്ധിപ്പിക്കുന്ന ഒരു ചരടാകുവാനും ഇവർക്ക് കഴിയുന്നു. ഈ വിദ്യാലയത്തിലെ നാല് അനധ്യാപകരേയും ജനുവരി 23-ന് കുട്ടികളും അധ്യാപകരും ചേർന്ന് പൂക്കൾ നൽകി ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. അധ്യാപകർ അവർക്കായി പ്രത്യേകം വിരുന്നൊരുക്കി എല്ലാ കുട്ടികൾക്കും മധുരം നൽകി യാണ് അനധ്യാപകർ സന്തോഷം പങ്കുവച്ചത്.

# വലയഗ്രഹണം കാണാൻ കണ്ണടകൾ



വാളൂർ നായർ സമാജം ഹൈസ്ക്കൂളിലെ സയൻസ് ക്ലബ്ബും, സ്ക്കൗട്ട് ആൻറ് ഗൈഡ് യൂണിറ്റും ഒരുമിച്ച് ചേർന്ന് കഴിഞ്ഞ ഡിസംബർ 26-ന് കേരള ത്തിൽ ദൃശ്യമായ വലയഗ്രഹണം നിരീക്ഷിക്കുവാൻ ആവശ്യമായ കണ്ണടകൾ നിർമ്മിച്ചു.

തിരുവനന്തപുരത്തെ സയൻസ് ആൻറ് ടെക്നോളജി മ്യൂസിയത്തിൽ നിന്നും കണ്ണട നിർമ്മിക്കാൻ ആവശ്യമായ മെറ്റാലിക് ഷീറ്റ് നൽകിയത് ഈ സ്ക്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ ശ്രീ. അസീസ് ആണ്. കറുത്ത ചാർട്ട് പേപ്പറും മെറ്റാലിക് ഷീറ്റും ഉപയോഗിച്ച് നൂറോളം കണ്ണടകൾ കുട്ടികൾ നിർമ്മിക്കുകയും അത് ഡിസംബർ 26–ന് സമീപത്തുള്ള വീടുകളിൽ എത്തിക്കുകയും ചെയ്തു. നാട്ടിലെ ശാസ്ത്രകുതുകികൾക്ക് ഇതൊരു അനുഗ്രഹ മായിമാറി. ക്രിസ്തുമസ്സ് അവധിക്കാലം പോലും മറന്നാണ് കുട്ടികൾ സ്ക്കൂളിൽ വന്ന് കണ്ണടകൾ നിർമ്മിച്ചത്.



# കായിക പരിശീലനം



വ്യക്തിത്വവികസനം കായിക പരിശീലനത്തിലൂടെ എന്ന കാഴ്ചപ്പാട് വിജയ കരമായി നടപ്പാക്കിയ വർഷമാണ് 2019–2020.

ആറുമാസത്തെ തീവ്രപരിശീലന ത്തിലൂടെ നേടാനായത് മൂന്ന് സംസ്ഥാനതല കായികതാരങ്ങളെ ഉപജില്ലയിൽ രണ്ട് ഓവറോൾ ട്രോഫികളും, രണ്ട് വ്യക്തിഗതചാമ്പ്യന്മാരും, ഉപജില്ലയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. 17 കുട്ടികൾ റവന്യൂജില്ല കായികമേളയിൽ പങ്കെടുത്തു. വിദ്യാലയത്തിൻെറ കായിക ചരിത്രത്തിൽ ആദ്യമായി ഹർഡിൽസ്, ഹാമർ, കബഡി എന്നിവയിൽ പങ്കെടുത്ത് കുട്ടികൾ നേട്ടങ്ങൾ കൊയ്തു. ശ്രീ.സുർജിത് ആയിരുന്നു കായികപരിശീലകൻ.



# സ്നേഹിത @ സ്കൂൾ



സ്നേഹിത
@
സ്കൂൾ
സ്നേഹിത ജെന്റർ ഹെൽപ്പ്ഡെസ്ക്
കുടുംബശ്രീ ജില്ലാ മിഷൻ തൃശൂർ
18004252573, 0487 2382 573

കുട്ടികളുടെ സാമൂഹിക -മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകികകൊണ്ട്

പ്രദേശത്തെ സ്കൂളുകളിൽ സ്നേഹിത ജെന്റർ ഹെൽപ് ഡെസ്കിന്റെ സേവനം ലഭ്യമാക്കുകയും

കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തി സ്ക്കുളുകളിലെ ഓരോ ഇടവും ശിശുസ്ത്രീ  സൗഹൃദപരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി

സ്നേഹിത @ സ്കൂൾ എന്ന പദ്ധതി സംസ്ഥാനതലത്തിൽ ആരംഭിച്ചിരിക്കുന്നു

തൃശ്ശൂർ ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട 22 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്

കാടുകുറ്റി പഞ്ചായത്തിൽപ്പെട്ട  ഞങ്ങളുടെ വിദ്യാലയത്തിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്

# ലക്ഷ്യങ്ങൾ

മാനസിക പ്രശ്ങ്ങൾ ,പഠനത്തിൽ

പിന്നോക്കാവസ്ഥ ,കുടുംബപ്രശ്ങ്ങൾ

മുതലായവ നേരിടുന്ന

1 .കുട്ടികൾക്ക് കൗൺസിലിംഗും

തുടർസേവനങ്ങളും നൽകും

2 .ലിംഗപദവി സമത്വം സ്കൂളുകളിൽ

നടപ്പാക്കുക

3 .ശിശുസ്ത്രീ സൗഹൃദ പ്രാദേശിക

ഇടങ്ങൾ സൃഷ്ടിക്കുക

# നന്ദി

